## പതിമൂന്നാം കേരള നിയമസഭ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ.പ്രതാപൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) ടൂറിസംമേഖലയുടെ വികസനത്തിന്റെ ഭാഗമായി സഞ്ചാരികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; | എ) ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ കുടിവെള്ളമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം, ഗുണമേൻമയുള്ള ടൂറിസം ഉൽപ്പന്നങ്ങൾ, മാലിന്യവിമുക്തമായ അന്തരീക്ഷം, മേന്മയേറിയ ടോയ്‌ലറ്റുകൾ, ഇൻഫർമേഷൻ സെന്ററുകൾ, ഗുണനിലവാരമുള്ള ആയുർവേദ സെന്ററുകൾ, ഹൗസ് ബോട്ടുകൾ, പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങൾ, കേരള സുവനീറുകൾ, മേന്മയേറിയ വഴിയോര സൗകര്യങ്ങൾ, തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഹോപ്-ഓൺ, ഹോപ്-ഓഫ് സൗകര്യങ്ങൾ, സുരക്ഷിതത്വം, കണ്ടിജൻസി റെസ്പോൺസ് സെൽ, ശാസ്ത്രീയമായ സൈനേജുകൾ, അംഗവൈകല്യമുള്ളവർക്ക് പ്രത്യേക സൗകര്യം, ഗുണമേന്മയുള്ള സേവനം, ടൂറിസ്റ്റ് വാർഡൻമാർ എന്നീ സൗകര്യങ്ങളാണ് ടൂറിസം മേഖലയുടെ വികസനത്തിൻേറ ഭാഗമായി ഈ സർക്കാർ നൽകാനുദ്ദേശിക്കുന്നത്. ഇതിനായുള്ള വ്യക്തമായ നിർദ്ദേശം പുതിയ കരട് ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഹോംസ്റ്റേകൾ, ആയുർവേദ കേന്ദ്രങ്ങൾ, ടൂർഓപ്പറേറ്റർമാർ എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കുമോ; | ബി) ആവിഷ്കരിക്കുന്നതാണ്. |
| സി) ടൂറിസം സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായമാണ് നൽകാനുദ്ദേശിക്കുന്നത്; | സി) ഹോം സ്റ്റേകൾക്കും ആയുർവേദ സെന്ററുകൾക്കും പ്രവർത്തിക്കുന്നതിനായി ടൂറിസം വകുപ്പിൻേറ അംഗീകാരം ഇപ്പോൾ നിർബന്ധമില്ലാത്തതിനാൽ ധാരാളം പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യിട്ടുണ്ട്. ആയതിനാൽ ഹോംസ്റ്റേകൾക്കും ആയുർവ്വേദ സെന്ററുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം ലഭിയ്ക്കണമെങ്കിൽ ടൂറിസം വകുപ്പിൻേറ കൂടി അംഗീകാരം നിർബന്ധമാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഹോം സ്റ്റേകൾക്ക് വൈദ്യുതിയും, ശുദ്ധജലവും ഡൊമസ്റ്റിക് നിരക്കിൽ ലഭ്യമാക്കാനുള്ള നടപടിയും, കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് , മലപ്പുറം പാലക്കാട് ജില്ലകളിലെ ഹോട്ട |

| | | | |
|---|---|---|---|
| | | | ലുകൾക്ക് ആഡംബര നികുതിയി ളവും പരിഗണനയിലുണ്ട്. ഉത്തരവാദിത്വ ടൂറിസം പ്രാക്ടീസ് ചെയ്യുന്ന ടൂറിസം സ്ഥാപനങ്ങൾക്ക് ഇൻവെസ്റ്റ്മെൻറ് സബ്സിഡിയും ഇലക് ട്രിസിറ്റി താരിഫി ലുള്ള ഇളവും നൽകുന്നതാണ്. |
| ഡി) | ടൂറിസം സ്ഥാപനങ്ങൾ നടത്തുന്ന മേളകൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്തെല്ലാം? | ഡി) | ഉണ്ട്. ആദ്യത്തെ മൂന്നു വർഷം പുതിയ ടൂർ ഓപ്പറേറ്റർമാർ, ഹോം സ്റ്റേ ഓപ്പറേറ്റർമാർ, ആയുർവേദ ഓപ്പറേറ്റർ മാർ എന്നിവർക്ക് ദേശീയ-അന്തർദേ ശീയ ടൂറിസം മേളകളിൽ പങ്കെടുക്കുന്ന തിന് ധനസഹായം നൽകുന്നതിന് ടൂറി സം നയം വിവക്ഷിക്കുന്നുണ്ട്. അന്തർദേ ശീയ മേളകൾക്ക് ഇവരുടെ യാത്രാ ചെലവ്, പരസ്യപ്രചരണത്തിനു വേണ്ടി വരുന്ന സാധനങ്ങളുടെ ചെലവ് എന്നിവയുടെ 25% തുക പരമാവധി 75,000/-(എഴുപത്തി അയ്യാ യിരം) രൂപയും, ദേശീയ മേളകൾക്ക് 50,000/- (അൻപതിനായിരം) രൂപയും ധനസഹായം നൽകാൻ ഉദ്ദേശിക്കു ന്നുണ്ട്. കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് , മലപ്പുറം, പാലക്കാട്, ജില്ലകളിൽ നിർമ്മിക്കുന്ന ചെറിയ ഹോട്ടലുകൾക്കും (30 മുറിക ളിൽ കുറവുള്ളവ) ഈ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. പുതിയ സംരംഭകരെ ടൂറിസം സാധ്യതയുള്ളതും അവികസിതമായതുമായ സ്ഥലത്തേയ്ക്ക് ആകർഷിക്കുന്നതിനും, ചെറുകിട സംരംഭകർക്ക് ദേശീയ-അന്തർദേശീയ മേളകളിൽ പങ്കെടുത്ത് കൂടുതൽ ടൂറിസ്റ്റു കളെ കേരളത്തിലേയ്ക്കാകർഷിക്കുന്ന തിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ